(10) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വിൽപ്പനയ്ക്ക് വയ്ക്കുന്നത്.

(11) ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപെട്ട് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

121 (2617) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2010-11 വർഷം നിത്യോപയോഗസാധനങ്ങൾ ഉൾപ്പെടെ വിവിധ ഭക്ഷ്യോല്പന്നങ്ങൾ, ഹോട്ടൽ ഭക്ഷണ വസ്തുക്കൾ എന്നിവയുടെ വിപണിവില (വില്പനവില) എത്രയെന്നും 2015 ജൂൺ മാസം പ്രസ്തുത വില എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) 2010-11 വർഷത്തിനുശേഷം 2015 ജൂൺ വരെയുള്ള കാലയളവിൽ ഇവയിൽ വന്നിട്ടുള്ള വിലവർദ്ധനവ് എത്ര ; ഇതിനുള്ള കാരണം ലഭ്യമാക്കുമോ ;

(സി) വില നിയന്ത്രണങ്ങൾക്കായി ഏർപ്പെടുത്തിയ നടപടിക്രമങ്ങളുടെ ഭാഗമായി എത്ര വിലകുറയ്ക്കാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ ;

(ഡി) ഭക്ഷ്യ വകുപ്പിൻ കീഴിൽ പൊതുജനങ്ങൾക്കായി ന്യായവിലയിൽ നൽകുന്ന ഉല്പന്നങ്ങൾ എന്തെല്ലാം ; അവയുടെ വില എത്ര ; ഇത് ആവശ്യക്കാരായവർക്ക് എത്ര ശതമാനം നിലവിൽ ലഭിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഉപഭോക്താക്കൾക്ക് അരിമുതൽ മറ്റ് നിത്യോപയോഗസാധനങ്ങൾ ഏതെല്ലാം സ്ഥാപനങ്ങൾവഴി എത്രവില ഈടാക്കി നൽകുന്നു എന്ന് (2015-16 ജൂൺ നിലവാരമനുസരിച്ച്) വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(എഫ്) ഈ സർക്കാർ കാലയളവിൽ പ്രവർത്തനമാരംഭിച്ച നന്മ സ്റ്റോറുകൾ എത്ര ; ഇവയ്ക്ക് നൽകിയ സർക്കാർ സഹായം എത്ര ; ഇപ്പോൾ എത്ര എണ്ണം പ്രവർത്തിക്കുന്നു ; പുതിയവ എത്ര ; 2010-11 മുതൽ 2015 ജൂൺ വരെയുള്ള കണക്ക് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) സംസ്ഥാനത്ത് 2010-11 വർഷം നിത്യോപയോഗ സാധനങ്ങൾ ഉടങ്ങി വിവിധ ഭക്ഷ്യോല്പന്നങ്ങൾ, ഹോട്ടൽ ഭക്ഷണവസ്തുക്കൾ എന്നിവയുടെ വിപണി വിലയും (വില്പനവില), 2015 ജൂൺ മാസത്തെ വിലയും (ഹോട്ടൽ ഭക്ഷണ വസ്തുക്കളുടെ ഏപ്രിൽ 2015-ലെ വിലയാണ് ലഭ്യമായിട്ടുള്ളത്) അനുബന്ധം I ആയി ചേർക്കുന്നു.* ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് നേരിയ തോതിൽ വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കേരളംപോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്തിന് പൊതുവിപണിയിലെ വിലവർദ്ധനവ് ഉണ്ടാക്കുന്ന ഘടകങ്ങളെ നിയന്ത്രിക്കുവാനും സ്വാധീനിക്കുവാനുമുള്ള സംവിധാനം വളരെ പരിമിതമാണ്. എന്നിരുന്നാലും, ഫലപ്രദമായ വിപണിയിടപെടൽ വഴി അവശ്യസാധനങ്ങൾ ന്യായവിലക്ക് ലഭ്യമാക്കുന്നതുമൂലം അനിയന്ത്രിതമായ പൊതുവിപണി വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്താൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ട്.

(ഡി & ഇ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്. പ്രസ്തുത അവശ്യസാധങ്ങളുടെ വില, ഒരു റേഷൻ കാർഡിന് അനുവദിച്ച അളവ് എന്നിവ അനുബന്ധം II ആയി ചേർക്കുന്നു.*

(എഫ്) നന്മാ സ്റ്റോറുകൾ ഭക്ഷ്യവകുപ്പിന്റെ കീഴിലല്ല. സഹകരണ വകുപ്പിൽ നിന്ന് ലഭിച്ച മറുപടിയനുസരിച്ച് നന്മാ സ്റ്റോറുകൾ പുതുതായി ആരംഭിക്കുന്നത് ഈ സർക്കാരിന്റെ കാലയളവിലാണ്. കൺസ്യൂമർ ഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 869 നന്മാ സ്റ്റോറുകളും വിവിധ സഹകരണ സംഘങ്ങൾ മുഖാന്തിരം 1311 നന്മാ സ്റ്റോറുകളും പ്രവർത്തനം ആരംഭിച്ചിരുന്നു. ഇവയ്ക്ക് സർക്കാരിൽനിന്നും പ്രത്യേക ധനസഹായമൊന്നും അനുവദിച്ചിട്ടില്ല. ഇപ്പോൾ കൺസ്യൂമർ ഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 806 നന്മാ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം 751 നന്മാ സ്റ്റോറുകളും പ്രവർത്തിക്കുന്നു. കൺസ്യൂമർ ഫെഡറേഷൻ നേരിടുന്ന സാമ്പത്തിക മാന്ദ്യം മൂലം പുതുതായി നന്മാ സ്റ്റോറുകൾ അനുവദിക്കേണ്ടതില്ലെന്ന് കൺസ്യൂമർ ഫെഡ് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പുതിയ നന്മാ സ്റ്റോറുകൾ ഇപ്പോൾ അനുവദിച്ചിട്ടില്ല. 2010-11

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുതൽ 2015 വരെ അനുവദിച്ച നന്മാ സ്റ്റോറുകളുടെ കണക്കുകൾ ചുവടെ പരാമർശിക്കും പ്രകാരമാണ് :

2010-11 മുതൽ 2015 ജൂൺ വരെ ആരംഭിച്ച നന്മാ സ്റ്റോറുകളുടെ	എണ്ണം	പ്രവർത്തനം നിർത്തലാക്കിയവ	ഇപ്പോൾ പ്രവർത്തിക്കുന്നവയുടെ എണ്ണം
കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്നവ	869	63	806
സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്നവ	1317	560	751

പാചകവാതക വിതരണത്തിലെ കാലതാമസം

122 (2618) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പാചകവാതക വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പാചകവാതക വിതരണം യഥാസമയത്തു സുതാര്യമായി നടപ്പാക്കുന്നതിന് ജനപ്രതിനിധികളെയും ഗുണഭോക്താക്കളെയും വിതരണക്കാരെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് പരാതി പരിഹാരത്തിനും മോണിറ്റർ ചെയ്യുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പാചകവാതക വിതരണം യഥാസമയം നടക്കുന്നതിനായി നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(ഡി) പാചകവാതകം യഥാസമയം ലഭിക്കാത്തതു സംബന്ധിച്ച് പള്ളിപ്പുറം കുഴുപ്പള്ളി, എടവനക്കാട് എന്നീ പഞ്ചായത്തുകളിലെ താമസക്കാരിൽ നിന്നും കഴിഞ്ഞ ആറുമാസക്കാലയളവിൽ എത്ര പരാതികളാണ് ലഭിച്ചതെന്നും സ്വീകരിച്ച തുടർനടപടിയെന്തെന്നും വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly